# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
23.04.2015

സ്വീകർത്താവ്

സെക്രട്ടറി
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: പള്ളിവാസൽ ജല വൈദ്യുത പദ്ധതിയുടെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ച് ഒരുവർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച്.

**പള്ളിവാസൽ ജല വൈദ്യുത പദ്ധതിയുടെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ച് ഒരുവർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് യൂണിയനുകളുമായി 17.3.2015 ൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.**

പ്ലാറ്റിനം ജൂബിലി പരമാവധി ചിലവ് കുറച്ച് നടപ്പാക്കാൻ യൂണിയൻ അഭ്യർത്ഥിക്കുന്നു.

www.ksebmedia.in എന്ന പേരിൽ ഇന്റർനെറ്റ് വീഡിയോ ചാനൽ തുടങ്ങുന്നത് നല്ല നിർദ്ദേശമാണ്. ആ വീഡിയോ ചാനലിൽ സേഫ്റ്റിയെക്കുറിച്ചുള്ള വീഡിയോകൾ, (ബോധവൽക്കരണം ജീവനക്കാർക്കും ഉപഭോക്താക്കൾക്കും) ജീവനക്കാർ സേഫ്റ്റി ഉപകരണങ്ങൾ ഉപയോഗിക്കുന്ന വീഡിയോകൾ, വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനുള്ള നിർദ്ദേശങ്ങളടങ്ങിയ വീഡിയോകൾ സ്ഥിരമായി Scroll ചെയ്ത് പ്രദർശിപ്പിക്കാവുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും വിപുലമായ ചരിത്ര പ്രദർശനം നമ്മുടെ ഔദ്യോഗിക സംവിധാനം പരമാവധി ഉപയോഗിച്ചുകൊണ്ട് നടത്താം. മൂന്ന് കേന്ദ്രങ്ങളിലെ ചരിത്ര പ്രദർശനം ഉദ്ഘാടനം നടത്തുമ്പോൾ ഒരു മണിക്കൂറിൽ ഒതുങ്ങുന്ന സെമിനാർ ക്ലാസ് തുടങ്ങിയവ സംഘടിപ്പിക്കാം

ദേശീയ സെമിനാറുകൾ നടത്തുന്നത് ബോർഡിന് ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും മതിപ്പ് ഉളവാക്കുന്നുവെങ്കിൽ നടത്താവുന്നതും നടത്തിപ്പ് ചെലവ് പ്രൈവറ്റ് കമ്പനികളുമായി ചേർന്ന് പങ്കുവച്ച് പരമാവധി ബോർഡിന്റെ ചെലവ് കുറയ്ക്കാവുന്നതാണ്.

ഊർജ്ജ സംരക്ഷണം, പ്രവർത്തന മികവ്, സേഫ്റ്റി എന്നിവ പരിഗണിച്ച് മികച്ച സെക്ഷനാഫീസുകൾക്ക് ഒരു സർക്കിളിൽ ഒരോന്നുവീതം അവാർഡുകൾ നൽകാവുന്നതാണ്. അവയിൽനിന്നും ഒരെണ്ണത്തിന് സംസ്ഥാനതലത്തിൽ ഒരു അവാർഡ് നൽകാവുന്നതും ആ സെക്ഷന്റെ ഒരു ദിവസത്തെ മുഴുവൻ ജീവനക്കാരുടേയും പ്രവർത്തനങ്ങൾ രേഖപ്പെടുത്തി ബോർഡിന്റെ വെബ്സൈറ്റിൽ കൊടുക്കുകയും കേരളത്തിലെ എല്ലാ സെക്ഷനാഫീസിലും അത് എത്തിക്കുകയും വേണം. അവാർഡ് കിട്ടിയ മികച്ച സെക്ഷനാഫീസ് റൂറൽ മേഖലയിൽ ആണെങ്കിൽ റൂറൽ മേഖലയിലെ എല്ലാ ഓഫീസുകൾക്കും ആ പ്രവർത്തനങ്ങൾ മാതൃകയാക്കാം. എല്ലാ വർഷവും ഈ അവാർഡ് നൽകുന്നത് സെക്ഷന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരമാകും. സംസ്ഥാനതലത്തിൽ മികച്ച സെക്ഷനായി തെരഞ്ഞെടുക്കുന്ന സെക്ഷനിലെ എല്ലാ ജീവനക്കാർക്കും ക്യാഷ് അവാർഡും ബഹുമതി പത്രവും സമ്മാനിക്കണം.

കേരളത്തിന്റെ വൈദ്യുതി ചരിത്രവുമായി ബന്ധപ്പെട്ട് ശേഖരിക്കുന്ന ചിത്രങ്ങളും ചരിത്ര പ്രദർശനത്തിൽ ഉൾപ്പെടുത്താവുന്നവയാണ്. ഈ പരിപാടികളിൽ റിട്ടയർ ചെയ്ത നമ്മുടെ ഉദ്യോഗസ്ഥരേയും (താൽപ്പര്യമുള്ളവരെ) ഉൾപ്പെടുത്താം. അവരിൽനിന്നും ചിത്രങ്ങൾ ശേഖരിക്കാം

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഉപഭോക്തൃ സമ്മേളനങ്ങൾ സംഘടിപ്പിക്കണം. ഈ സമ്മേളനങ്ങൾ പല തട്ടിലുള്ള ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന സ്ഥിരം പരാതികൾ ഏതെന്ന് കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കുവാനുള്ള ഒരു വേദിയാക്കാവുന്നതാണ്. വൈദ്യുതി സുരക്ഷ, വൈദ്യുതി ലാഭിക്കൽ, പാരമ്പര്യേതര വൈദ്യുതി എന്നിവയിലെ അവബോധം ഇവ ഉപഭോക്താക്കളിൽ ഉണ്ടാക്കാം.

അച്ചടി മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം ചിലവ് കൂടിയതിനാൽ അതൊഴിവാക്കി ചിലവ് കുറഞ്ഞ രീതിയിൽ പ്രചാരണം നടത്തുക. അതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. നമ്മുടെ വൈദ്യുതി പോസ്റ്റുകളിൽ പെയിന്റ് ചെയ്ത് എഴുതുക. വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സുരക്ഷ ഇവയെ സംബന്ധിച്ച കുറിപ്പുകൾ പോസ്റ്റുകളിൽ എഴുതുക.
2. നമ്മുടെ ജീവനക്കാരുടെ ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയ അക്കൗണ്ടുകളിൽ വൈദ്യുതി സുരക്ഷ, വൈദ്യുതി ഉപഭോഗം കുറയ്ക്കൽ ഇവയെ സംബന്ധിച്ച മാറ്ററുകൾ പോസ്റ്റ് ചെയ്യാവുന്നതാണ്. ചുരുക്കിയ മാറ്ററുകൾ ബോർഡിലെ വിദഗ്ദ്ധ ടീമിനെ ഏൽപ്പിച്ച് തയ്യാറാക്കി കൊടുക്കേണ്ടതാണ്. നൃതന സാങ്കേതികവിദ്യയിലൂടെ ഈ പോസ്റ്ററുകൾ വഴി അനവധി ഉപഭോക്താക്കളെ ബോധവൽക്കരിക്കാൻ കഴിയും.
3. വൈദ്യുതി സുരക്ഷ, വൈദ്യുതി ഉപഭോഗം കുറയ്ക്കൽ ഇവയെ സംബന്ധിച്ച ലഘുലേഖകൾ ക്യാഷ് കൗണ്ടർവഴി കൊടുക്കാവുന്നതാണ്. മീറ്റർ റീഡർമാർ വഴിയും ഈ ലഘുലേഖകൾ വിതരണം ചെയ്യാവുന്നതാണ്.

പള്ളിവാസൽ ജലവൈദ്യുത പദ്ധതി ആയതുകൊണ്ടുതന്നെ ജലവൈദ്യുത പദ്ധതികളുടെ പ്രാധാന്യം ജനങ്ങളെ ബോധവൽക്കരിക്കുന്നതിലേക്കായി പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. പ്രസ്തുത ക്ലാസ്സുകൾ എല്ലാ വർക്ക്മെൻ, ഓഫീസർ സംഘടനകളുടെ സഹകരണത്തോടെ നടത്താം. പാരിസ്ഥിതി പ്രശ്നം പറഞ്ഞ് പല ജലവൈദ്യുത പദ്ധതികൾ നഷ്ടപ്പെട്ടതും ഇടുക്കി പദ്ധതിക്ക് ശേഷം വലിയ പദ്ധതികളൊന്നും വന്നില്ലായെന്നുള്ളതും പ്രചരിപ്പിക്കണം. ജലവൈദ്യുത പദ്ധതികൾ മറ്റുള്ളവയെ അപേക്ഷിച്ച് പരിസ്ഥിതിയ്ക്ക് കാര്യമായ ദോഷം വരുത്തുന്നില്ലായെന്നുള്ളതും ഈ പദ്ധതികൾകൊണ്ടാണ് കേരളത്തിൽ വൈദ്യുതി ചാർജ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറയാൻ കാരണമായതെന്നും ഉള്ള പദ്ധതികൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള ക്ലാസ്സുകൾ നടത്താം.

വിശ്വസപൂർവ്വം,

ജനറൽ സെക്രട്ടറി